# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിലെ 2009-10 വർഷത്തെ സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.9 പ്രകാരമുള്ള 7,000/- (ഏഴായിരം രൂപ മാത്രം) രൂപയുടെ ചെലവ് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ (സാധാ)നം. 2372/2018/തസ്വഭവ. തിരുവനന്തപുരം, തീയതി. 05.09.2018

---

പരാമർശം:- 1) ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26.07.2016 ലെ എ 1/5389/13 നമ്പർ കത്ത്.

2) പഞ്ചായത്ത് ഡയറക്ടറുടെ 07.06.2017 ലെ എം3-10370/2017 നമ്പർ കത്ത്.

3) സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ 03.04.2018 ലെ കെ.എസ്.എ 12862/പി.റ്റി.2/2017 നമ്പർ കത്ത്.

## ഉത്തരവ്

ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിലെ 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.9 പ്രകാരം 7,000/- (എഴായിരം രൂപ മാത്രം) രൂപ തടസ്സപ്പെടുത്തിയിരുന്നു. പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് ഫർണിച്ചർ വാങ്ങിയതിനാലായിരുന്നു ടി തടസ്സപ്പെടുത്തൽ ഓഡിറ്റ് വകുപ്പ് നടത്തിയിരുന്നത്. തുടർന്ന് പരാമർശം (1) മുഖേന പ്രസ്തുത തടസ്സപ്പെടുത്തൽ സാധൂകരിയ്ക്കണമെന്നാവശ്യപ്പെട്ട് കൊന്നത്തടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉചിതമാർഗ്ഗേന പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം അനുകൂല ശിപാർശയോടുകൂടെ സർക്കാരിൽ സമർപ്പിക്കുകയും സർക്കാർ ആയതിൻമേൽ ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ശേഷം പരാമർശം (3) പ്രകാരം ഓഡിറ്റ് വകുപ്പിനോടാവശ്യപ്പെട്ടിരുന്ന റിപ്പോർട്ട് സർക്കാരിൽ ലഭിക്കുകയുണ്ടായി.

2. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിൽ, പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് ഫർണിച്ചർ വാങ്ങിയതിനാൽ 7,000/- രൂപയുടെ ചെലവ് ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നുവെന്നും ഹോമിയോ ആശുപത്രിക്ക് മരുന്ന് സൂക്ഷിക്കുന്നതിന് ഇരുമ്പ് റാക്ക് വളരെ അത്യാവശ്യമായതിനാലാണ് പ്രോജക്ടിൽ ഉൾപ്പെടാത്ത ഇനമായിട്ടും ആയത് വാങ്ങുന്നതിന് തുക വിനിയോഗിച്ചതെന്നും, നടപടി ക്രമങ്ങൾ പാലിച്ച് സിഡ്കോയിൽ നിന്നുമാണ് വാങ്ങിയതെന്നും ആശുപത്രിയുടെ പ്രവർത്തനത്തിന് ഇത് പ്രയോജനപ്പെടുന്നുണ്ടെന്നുമുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ 05.06.2016 ലെ IV(24)-ാം നമ്പർ തീരുമാനവും, 05.11.2016 ലെ ഇടുക്കി ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 11(2)-ാം നമ്പർ തീരുമാനവും ഇതിന് പിന്നിൽ സാമ്പത്തിക ക്രമക്കേടോ ധനദുർവിനിയോഗമോ ഉണ്ടായിട്ടില്ല എന്ന വസ്തുത പരിഗണിച്ചും ടി ഖണ്ഡികയിൻമേലുള്ള ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സാധൂകരണം നൽകുന്ന വിഷയത്തിൽ വകുപ്പിന് എതിരഭിപ്രായമില്ലെന്നും സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശിപാർശ പരിഗണിച്ചും, ഹോമിയോ ആശുപത്രിക്ക് മരുന്ന് സൂക്ഷിക്കുന്നതിന് ഇരുമ്പ് റാക്ക് വളരെ അത്യാവശ്യമായതിനാലാണ് പ്രോജക്ടിൽ ഉൾപ്പെടാത്ത ഇനമായിട്ടും ആയത് വാങ്ങുന്നതിന് തുക വിനിയോഗിച്ചതെന്നും നടപടി ക്രമങ്ങൾ പാലിച്ച് സിഡ്കോയിൽ നിന്നുമാണ്

വാങ്ങിയതെന്നും ആശുപത്രിയുടെ പ്രവർത്തനത്തിന് ഇത് പ്രയോജനപ്പെടുന്നുണ്ടെന്നുമുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ 05.06.2016 ലെ iv(24)-ാം നമ്പർ തീരുമാനം, 05.11.2016 ലെ ഇടുക്കി ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 11(2)-ാം നമ്പർ തീരുമാനവും ഇതിന് പിന്നിൽ സാമ്പത്തിക ക്രമക്കേടോ ധനദുർവിനിയോഗമോ ഉണ്ടായിട്ടില്ല എന്നതും പരിഗണിച്ച് ഖണ്ഡികയിൻമേലുള്ള ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് എതിരഭിപ്രായമില്ലെന്നും സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണെന്നുള്ള ഓഡിറ്റ് വകുപ്പിന്റെ അഭിപ്രായം കണക്കിലെടുത്തും ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിലെ 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.9 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 7,000/- (ഏഴായിരം രൂപ മാത്രം) രൂപയുടെ തടസ്സപ്പെടുത്തൽ സാധൂകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
സെക്രട്ടറി, കൊന്നത്തടി ഗ്രാമപഞ്ചായത്ത്, ഇടുക്കി
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**